"ഭരണഭാഷ-മാതൃഭാഷ"

**കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 18-04-2020

## സർക്കുലർ നം - 27

കോവിഡ് 19 നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട് 17.04.2020 ലെ ജി.ഒ.(എം.എസ്) 78/2020/GAD നമ്പർ ഉത്തരവിലൂടെ **സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് ജയിൽ വകുപ്പിൽ നടപ്പിലാക്കേണ്ട നടപടികൾ സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

ജയിൽ വകുപ്പിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, അനുബന്ധമായ ഭക്ഷ്യ നിർമ്മാണ യൂണിറ്റുകൾ എന്നിവ സർക്കാർ നിർദ്ദേശ പ്രകാരം സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ച് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇപ്പോൾ നിർത്തിവച്ചിട്ടുള്ളതും പുതിയതായി തുടങ്ങേണ്ടതുമായ നിർമ്മാണ പ്രവർത്തനങ്ങൾ, പിഡബ്ല്യുഡി ഉൾപ്പടെയുള്ള നിർമ്മാണ ഏജൻസികളുമായി ബന്ധപ്പെട്ട് പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കോടതികളുമായി ബന്ധപ്പെട്ട് തടവുകാരുടെ വിചാരണ നടത്തുന്നതിനായി വീഡിയോ കോൺഫറൻസിങ് സംവിധാനം പൂർണ തോതിൽ ഉപയോഗപ്പെടുത്തേണ്ടതാണ്

കൂടാതെ 17.04.2020 ലെ ജി.ഒ.(എം.എസ്) 78/2020/GAD നമ്പർ ഉത്തരവിലൂടെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ജയിൽ ജീവനക്കാരും കർശനമായി പാലിക്കേണ്ടതുമാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ സ്ഥാപന മേധാവികൾക്കും.

പകർപ്പ് : ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ, ഫയൽ, കരുതൽ ഫയൽ.